**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2176** **23.3.2012-ൽ മറുപടിക്ക്**

**മാലിന്യനിർമ്മാർജ്ജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ രൂപക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) ഉണ്ട്. നഗരപ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജനത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ വിപുലീകരിക്കാനും ആവശ്യമായ അനുബന്ധ ഘടകങ്ങളായ മലിനജല സംസ്കരണ പ്ലാന്റ്, സാനിറ്ററി ലാന്റ്ഫിൽ, ഗ്രീൻ ബെൽറ്റ്, നിലവിലുള്ള മാലിന്യസംസ്കരണ സംവിധാനത്തിന്റെ വിപുലീകരണം തുടങ്ങിയവയ്ക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതികമായിട്ടുള്ള പരിശീലനം നൽകുകയും അവ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള 100% സാമ്പത്തിക സഹായം ശുചിത്വ മിഷൻ വഴി ലഭ്യമാക്കാനുമുള്ള നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പ്ലാന്റുകളില്ലാത്ത നഗരസഭകളിൽ അവ പുതിയതായി സ്ഥാപിക്കാനുമുള്ള നടപടികളുടെ ഭാഗമായി അവയ്ക്ക് സാങ്കേതിക സഹായവും 100 ശതമാനം സാമ്പത്തിക സഹായവും നൽകാനുമുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. മലിനീകരണവും ദുർഗന്ധവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കാത്ത തരത്തിലുള്ള നവീന സാങ്കേതിക വിദ്യകൾ കണ്ടെത്താനും അവയുടെ മോഡൽ പ്ലാന്റുകൾ തിരുവനന്തപുരം നഗരസഭയിൽ മൂന്ന് സ്ഥലങ്ങളിൽ സ്ഥാപിക്കാനും നടപടി എടുത്തിട്ടുണ്ട്. നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള, പ്ലാന്റുകൾ സ്ഥാപിക്കാനായി |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | |

യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുത്തത് ഒരു സാങ്കേതിക സമിതി പരിശോധിച്ച ശേഷമാണ്. അപ്രകാരം കണ്ടെത്തിയ ഏജൻസികളിൽ നിന്ന് പദ്ധതി നിർദ്ദേശം ലഭിക്കുകയും അവ ശുചിത്വ മിഷനിൽ പരിശോധിച്ച് തുടർനടപടികൾ എടുത്ത് വരികയുമാണ്.

ഗ്രാമ പഞ്ചായത്തുകളിൽ കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ഖരമാലിന്യ പരിപാലന സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി ചന്തകൾ, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങളിലാണ് ഖരമാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 200 ഓളം ഗ്രാമ പഞ്ചായത്തുകളിൽ ബയോഗ്യാസ് പ്ളാന്റുകൾ ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കാൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ളാന്റുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായവും പ്രോജക്ടുകൾ പരിശോധന നടത്തി സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു.

സെക്ഷൻ ഓഫീസർ